(എഫ്) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ജലസേചന-പൊതുമരാമത്ത് വകുപ്പുകളിലെ എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം

48(951) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന-പൊതുമരാമത്ത് വകുപ്പുകളിലെ എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പളം ഏറ്റവും അവസാനമായി പരിഷ്ക്കരിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനായി ശുപാർശ നൽകാൻ കമ്മിറ്റിയെ നിയോഗിച്ചിരുന്നോ ; എങ്കിൽ കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(സി) റിപ്പോർട്ട് എന്നാണ് സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ഡി) മറ്റ് ജീവനക്കാരുടെ ശമ്പളം നിരവധി തവണ പരിഷ്ക്കരിച്ചതിനാൽ ഇവരുടെ ശമ്പളവും അടിയന്തരമായി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1987-ൽ.

(ബി) കമ്മിറ്റിയെ നിയോഗിച്ചിരുന്നു. റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) 1997 ഒക്ടോബറിൽ.

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

ജലസേചനവകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനം

49(952) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) റാങ്ക്ലിസ്റ്റ് നിലവിൽവന്നതിനുശേഷം പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര എൻ.ജെ.ഡി ഒഴിവുകൾ ഉണ്ടായിട്ടുണ്ട് ;

(ഇ) പ്രൊമോഷൻ, റിട്ടയർമെന്റ്, എൻ.ജെ.ഡി. എന്നിവമൂലം ഉണ്ടായിട്ടുള്ള ഒഴിവുകളിൽ എത്രയെണ്ണം 2000 ജനുവരി 31-ന് മുൻപ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്രയെണ്ണം റിപ്പോർട്ട് ചെയ്യാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25-09-1997-ൽ 110 ഒഴിവുകളും 05-10-1999-ൽ 29 ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 15 എൻ.ജെ.ഡി. ഒഴിവുകൾ 15-10-1999, 15-11-1999 എന്നീ തീയതികളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് കാറ്റഗറിയിലേക്കുള്ള 10 ഒഴിവുകൾ 27-04-1999-ലും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 39 ഒഴിവുകൾ.

(ഡി) 22 എൻ.ജെ.ഡി. ഒഴിവുകൾ.

(ഇ) 54 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 7 ഒഴിവുകൾ (എൻ.ജെ.ഡി) റിപ്പോർട്ട് ചെയ്യാനുണ്ട്.

(എഫ്) എൻ.ജെ.ഡി. ഒഴിവുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാലാണ് റിപ്പോർട്ട് ചെയ്യാൻ കഴിയാത്തത്.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ തോടിന്റെ അറ്റകുറ്റപ്പണികൾ

50(953) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ എളേറ്റിൽ ചുഴലിക്കര മാവിലോറ പാലക്കാമണ്ണിൽ തോടിന്റെ അടകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നടപടിക്രമം പൂർത്തീകരിച്ച് ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ തോടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഈ പണിക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകി പണികൾ നടപ്പിലാക്കാനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

(ബി) എസ്റ്റിമേറ്റ് തുക 22 ലക്ഷം രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly